## 821

ക്രൂശെടുത്തെന്നെയനുഗമിക്ക സ്നേഹമോടീശൻ വിളിയേകി
യേശുക്രിസ്തുവിൻ വിളികേട്ടാൽ കുറഞ്ഞോരു ത്യാഗം
സഹിക്കാമോ? സകലവും വെടിഞ്ഞെൻ നായകനെ
പിന്തിരിയാതെയനുഗമിക്കാം

1 യൗവ്വനമോഹം ജഡമോഹം അവനിയിതേകും സുഖമെല്ലാം
തവനാമം ഞാനേറ്റപ്പോൾ അവിശങ്കം ബലിയർപ്പിച്ചു-

2 ഉലകിൻ സൗഖ്യം പുല്ലിൻ പൂവുലരുംപോലെ വാടിപ്പോം
നിലയം നിന്നിൽ ഏകിയതാൽ ഉലരാതടിയൻ ശോഭിക്കും-

3 വൻ മുറിവേറ്റ പൊൻകരങ്ങൾ അൻപോടെൻമേൽ വച്ചപ്പോൾ
ആനന്ദത്തിൻ അനുഭൂതി മനതാരിൽ വന്നലതല്ലി-

4 താതൻ ജനനീ സഹചാരി സോദരീ സോദരർ സ്വയജീവൻ
അതിവേഗം വെടിഞ്ഞിവയെല്ലാം പതറാതേശുവെ സേവിക്കാം- **K.D.W.**